## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം.2620** **17.06.2019-ൽ മറുപടിയ്ക്ക്**

### ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ഫിലിം സിറ്റി നിർമ്മിക്കുന്നതിനായി ഒറ്റപ്പാലത്ത് എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) 04/07/2014 ലെ സ.ഉ (എം എസ്) നം.289/14/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ഫിലിം സിറ്റി നിർമ്മാണത്തിനായി ഒറ്റപ്പാലം വില്ലേജിലെ സർവ്വെ നമ്പർ 61/6-ൽ പ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമിയാണ് പാട്ട നിബന്ധനകളുടെയും ജലസേചന വകുപ്പ് നിഷ്കർഷിച്ചിട്ടുളള വ്യവസ്ഥകൾക്ക വിധേയമായും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (ബി) ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മിക്കുന്നതിനായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) ഫിലിം സിറ്റി നിർമ്മാണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ പ്രസ്തുത സ്ഥലത്ത് കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് തിയേറ്ററുകൾ ഉൾപ്പെടുന്ന ഒരു തിയേറ്റർ സമുച്ചയം |

| | |
|---|---|
| | നിർമ്മിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്വീകരിച്ചു വരികയാണ്. |
| (സി) ഒറ്റപ്പാലത്ത് ഫിലിംസിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; വിശദമാക്കാമോ? | (സി) കിഫ്ബി മുഖാന്തിരം ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയ്ക്ക് 19/07/2017 ലെ സ.ഉ (സാധാ) നം.457/2017/സാം.കാ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലത്ത് തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഒറ്റപ്പാലത്ത് തീയേറ്റർ പ്രവർത്തനം ആരംഭിക്കാനുള്ള അനുമതി നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ